**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1042** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>എസ്. എസ്. എൽ .സി. പാസ്സായവരുടെ ഉപരിപഠനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. പി. കെ. നവാസ്

ശ്രീ. പാറക്കൽ അബ്ദുല്ല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ഈ വർഷം എസ്. എസ്. എൽ. സി. പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം ഉറപ്പാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഹയർസെക്കണ്ടറി മേഖലയിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അനുവദനീയ സീറ്റുകൾക്ക് പുറമേ മാർജിനൽ സീറ്റ് വർദ്ധനവും കഴിഞ്ഞ കൊല്ലം തുടർന്നതിൽ 313 താൽക്കാലിക ബാച്ചുകളും ഈ വർഷവും തുടരുന്നുണ്ട്. 2026 മാർച്ചിൽ ആകെ 4,10,763 വിദ്യാർത്ഥികളാണ് എസ്.എസ്.എൽ.സി പാസ്സായി ഉപരിപഠനത്തിന് യോഗ്യത നേടിയിട്ടുള്ളത്. മലപ്പുറം, പാലക്കാട്, കോഴിക്കോട്; കാസറഗോഡ് ജില്ലകളിലെ സീറ്റു ക്ഷാമം പരിഹരിക്കുന്നതിനായി അധിക ബാച്ചുകൾ താത്കാലികമായി അനുവദിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു.

**(ബി)** സീറ്റ് വർദ്ധനവും മുൻ വർഷങ്ങളിൽ അനുമതി ലഭിച്ച ബാച്ചുകൾ തുടരുന്നതും അനുവദിക്കുമോ ;

**<u>മറുപടി:</u>** സ.ഉ. (കൈ) നം. 99/2026/പൊ.വി.വ തീയതി, തിരുവനന്തപുരം 25/05/2026 എന്ന സർക്കാർ ഉത്തരവ് പ്രകാരം സീറ്റ് വർദ്ധനവും താൽക്കാലിക അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്.

**(സി)** മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുമ്പോൾ സർക്കാരിന് അധിക ബാധ്യത ഉണ്ടാകുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുമ്പോൾ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. നിലവിലുള്ള ബാച്ചിൽ ഉള്ള അനുവദനീയ സീറ്റുകൾ താൽക്കാലികമായി 60 അല്ലെങ്കിൽ 65 സീറ്റുകളായി വർദ്ധിപ്പിക്കുന്നതു കൊണ്ട് അധിക റിസോഴ്സുകൾ ആവശ്യമായി വരുന്നില്ല. തൽഫലമായി അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

**സെക്ഷൻ ഓഫീസർ**